ഡോ.അമിത് മല്ലിക് ഐ.എഫ്.എസ്സ്
അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണ വിഭാഗം)

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
വഴുതക്കാട്
തിരുവനന്തപുരം – 695 014
കേരളം, ഇന്ത്യ
ഓഫീസ് { ഫോൺ : 0471 – 2529111
ഫാക്സ് : 0471 – 2338491
Email: apccf-admin.for@kerala.gov.in

ഇ2-53449/2017 **തീയതി: 02.02.2018**

എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.

സർ,

വിഷയം:- ജീവനക്കാര്യം - ബൈട്രാൻസ്ഫർ നിയമനത്തിന് മുൻകൂർ ഇൻക്രിമെന്റ് അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:- സർക്കാരിന്റെ 25.01.2018-ലെ എഫ്2/251/2017 വനം നമ്പർ കത്ത്.

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വനം വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും അറ്റൻഡർ തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനം നൽകുന്ന സാഹചര്യത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 8 വർഷത്തെ ഗ്രേഡ് വാങ്ങി 17000-37500 എന്ന ശമ്പള സ്കെയിൽ ലഭിക്കുന്ന ഉദ്യോഗസ്ഥന് അറ്റൻഡർ തസ്തികയിലേക്ക് തസ്തികമാറ്റം ലഭിക്കുമ്പോൾ 17000-37500 എന്ന സ്കെയിൽ തന്നെയാണ് ലഭിക്കുന്നത്. ഇപ്രകാരം തസ്തികമാറ്റം ലഭിക്കുന്ന ഉദ്യോഗസ്ഥന് സർക്കാർ ഉത്തരവ് (പി) നമ്പർ 7/2016/ഫിൻ. തീയതി 20.01.2016 - ലെ 43-ാം ഖണ്ഡികയിൽ പ്രതിപാദിക്കും പ്രകാരം ഒരു അഡ്വാൻസ് ഇൻക്രിമെന്റിന് അർഹതയുണ്ടോയെന്ന് സർക്കാരിനോട് ആരാഞ്ഞിരുന്നു.

01.07.2014-നുശേഷം മേൽ പരാമർശിച്ച രീതിയിൽ ബൈട്രാൻസ്ഫർ ലഭിച്ച ഉദ്യോഗസ്ഥർക്ക് ഒരു അഡ്വാൻസ് ഇൻക്രിമെന്റിന് അർഹത ഉണ്ടായിരിക്കുന്നതാണ് എന്ന് സൂചന പ്രകാരം സർക്കാർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ താങ്കളുടെ ഓഫീസിൽ 01.07.2014-നുശേഷം തസ്തികമാറ്റം ലഭിച്ച് അറ്റൻഡർ തസ്തികയിൽ ജോലിനോക്കുന്ന ജീവനക്കാർക്ക് സർക്കാർ ഉത്തരവ് (പി) നമ്പർ 7/2016/ഫിൻ. തീയതി 20.01.2016-ലെ 43-ാം ഖണ്ഡികയിൽ പരാമർശിക്കും പ്രകാരം ഒരു അഡ്വാൻസ് ഇൻക്രിമെന്റിന് അർഹതയുണ്ടെന്നുള്ള വിവരം ഇതിനാൽ അറിയിക്കുന്നു.

വിശ്വസ്തതയോടെ,

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം)

SAA

*D:\akhila 2018\E\E2\E2-53449-17 dt.3.2.18(M).doc*